ഉത്തരം.

(എ) ഇല്ല.

(ബി) തിരുവനന്തപുരം കാർപ്പറേഷനിൽ അലഞ്ഞു തിരിയുന്ന യാചകരുടെ എണ്ണം 1953–ൽ യൂണിവേഴ്സിറ്റി കോളേജ് സോഷ്യൽ സർവ്വീസ് ലീഗ് എടുത്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ചെലവാക്കിയ തുക:

1950–51	1,11,000
1951–52	1,12,900
1952–53	1,05,900
1953–54	1,04,000

ചെലവാക്കിയ തുക:

1950–51	96,906—15—6
1951–52	95,057— 9—11
1952–53	98,973— 7— 1
1953–54	98,977— 9— 0

(ഇ) ഇല്ല.

(എഫ്) കൂടി വരുന്നു എന്നു തോന്നുന്നുണ്ട്. പക്ഷേ കണക്കുകൾ ഒന്നുമില്ല.

(ജി) ഇല്ല.

(എച്ച്) ഈ ചോദ്യം ഉദിക്കുന്നില്ല.

കാർഷികോപകരണങ്ങൾ.

312. [8] ശ്രീ. കെ. കുട്ടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1953–54-ൽ എന്തു വിലയുടെ കാർഷികോപകരണങ്ങൾ വിതരണം ചെയ്യുവെന്നും, ഏതെല്ലാം താലൂക്കുകളിലായിരുന്നു എന്നും; ഏതുപകരണങ്ങളായിരുന്നു എന്നും പറയുമോ?

ഉത്തരം.

കാർഷികോപകരണങ്ങൾ വിതരണംചെയ്യുതിന്റെ കണക്ക് ഇതോന്നിച്ച് വെച്ചിട്ടുണ്ട്. *

റോഡുപണി.

313. [9] ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി. ആർ. ഡി. സ്കീമിൽ തിരുവല്ലാ സബ്ഡിവിഷനിൽ ആദ്യത്തെ പഞ്ചവത്സരപദ്ധതിയിൽ ചെയ്യുതീർക്കേണ്ടതായി എത്ര റോഡുകൾ കൊടുത്തിട്ടുണ്ട്:

† Placed in the Library

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിൽ എത്ര റോഡ്‌ പണി തീർന്നിട്ടുണ്ട്‌;

(സി) 53–54-ലോ 54–55-ലോ എതെങ്കിലും റോഡിന്റെ പണി പുതുതായി ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു;

(എഫ്‌) മല്ലപ്പള്ളി – പൂവനക്കടവു – ചേലക്കൊമ്പുറോഡ്‌ ഇതേവരെ പണി ആരംഭിക്കാതിരിക്കാൻ കാരണമെന്തു;

(ജി) മല്ലപ്പള്ളി–ചേലക്കൊമ്പു (പൂവനക്കടവു–ചേലക്കൊമ്പു) റോഡിൽ ഒന്നാംഫർലാംഗിലുള്ള പല കലുപ്പാലം രണ്ടുവർഷത്തിലധികം മുൻപ തന്നെ തിരുവല്ലാ സബ്‌ഡിവിഷൻ കമ്മിറ്റി സ്ഥപാർശ ചെയ്തിട്ടും പണി ആരംഭിക്കാതിരിക്കാൻ കാരണമെന്താണു?

ഉത്തരം.

(എ) 76 റോഡുകൾ.

(ബി) 23 റോഡുകൾ.

(സി) ഉണ്ടു.

(ഡി) 1. തിരുവല്ലാ–കോഴഞ്ചേരി റോഡിൽനിന്നും എം. സി. റോഡു 58–ാംമൈലിൽ ചേരുന്ന റോഡിന്റെ ഒന്നാം സെക്‌ഷൻ.

2. വള്ളംകുളം പാലത്തിന്റെ കിഴക്കേക്കരയിൽനിന്നും തോട്ടപ്പുഴക്കുള്ള റോഡു.

3. ഇരപ്പുഴ—ചെറുശേരി റോഡു.

4. ചെറുകോൽപുഴ—റാന്നി റോഡു.

5. എം. സി. റോഡു 76-ാംമൈലിൽനിന്നും പഞ്ചസരക്കമ്പനിയിലേയ്ക്കുള്ള റോഡു.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്‌ & ജി) ഈ പണികൾ നടത്തുന്നതിനാവശ്യമായ നടപടികൾ എടുത്തുവരികയാണു.

റോഡിന്റെ പണി.

314. [12] ശ്രീ. കെ. സി. എബ്രഹാം: താഴെ പറയുന്ന ചോദ്യത്തിനു മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി പണിയുവാൻ തീരുമാനിച്ചിട്ടുള്ള പറവൂർ–ചെറായി പാലത്തിലേയ്ക്കു, പറവൂർനിന്നും പാലംവരെ എത്തുന്നതിനു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പുതിയ റോഡിന്റെ പണി ഉടനെ തുടങ്ങുവാൻ ദയവുണ്ടാകുമോ?

ഉത്തരം.

പാലത്തിന്റെ ഡിസൈൻ തീരുമാനിച്ചു കഴിഞ്ഞാൽ റോഡു പണിയുടെ കാര്യം ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly